(ഇ) ഈ സ്ഥാപനങ്ങളിലും സർക്കാർ ഓൾഡ് ഏജ് ഹോമുകളിലും കേന്ദ്ര സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും അന്തേവാസികൾക്ക് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ പരിശോധിക്കുകയും ചെയ്യുന്നു. സ്ഥാപനവുമായും പദ്ധതിയുമായും ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്.

സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്നതിനുള്ള നടപടിക്രമം

69 (659) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എല്ലാ സാമൂഹ്യക്ഷേമപെൻഷൻ ഗുണഭോക്താക്കൾക്കും ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്നതിനുള്ള നടപടിക്രമം പൂർത്തിയായോ ;

(ബി) ഇതിനായി ഏതൊക്കെ സ്ഥാപനങ്ങളുമായാണ് കരാറുണ്ടാക്കിയത് ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇതുവരെ സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ എത്ര ഐഡന്റിറ്റി കാർഡുകൾ വിതരണം ചെയ്തു എന്ന് അറിയിക്കുമോ ;

(ഡി) ഇതിനായി എന്തു തുകയാണ് ചെലവഴിച്ചത് എന്ന് അറിയിക്കുമോ ;

ഉത്തരം

(എ&ബി) സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് ബയോമെട്രിക് ഐഡന്റിറ്റി കാർഡ് നൽകുന്ന പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് കൊല്ലം ജില്ലയിൽ നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിന് കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) ഇതുവരെ കാർഡുകൾ ഒന്നും വിതരണം ചെയ്തിട്ടില്ല.

(ഡി) ഇതുവരെ ഒരു തുകയും ചെലവഴിച്ചിട്ടില്ല.

സോഷ്യൽ സെക്യൂരിറ്റി മിഷന്റെ പ്രവർത്തനങ്ങൾ

70 (660) ശ്രീ. കെ. കുട്ടി. അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനവും വിശദീകരിക്കാമോ ;

(ബി) ഇതിന് ഏത് നിയമപ്രകാരമാണ് പ്രവർത്തനത്തിനുള്ള നിയമ പരിരക്ഷ ഉറപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ഒരു കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly